**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **02-02-2026 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, പഠനമുറി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 2017-18 മുതൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ 220 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ കരുവന്തടം നഗർ (2016-17) മുന്നിയൂർ പഞ്ചായത്തിലെ പള്ളൂർ (2016-17) , വെളിമുക്ക് ലക്ഷം വീട് (2019-20) നഗറുകൾ, ചേലേമ്പ്ര പഞ്ചായത്തിലെ ചീനാടം നഗർ (2020-21) എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>മുന്നിയൂർ ഗ്രാമപഞ്ചായത്തിലെ പൂതേരിവളപ്പ് (2023-24) നഗറിന്റെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഫെബ്രുവരി മാസത്തിൽ പൂർത്തിയാകുമെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതികൾ തുടങ്ങിയതെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുമോ; പ്രവൃത്തി പൂർത്തിയായിട്ടില്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ